**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6395** **10-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഫെഡിൽ നിന്നും മത്സ്യബന്ധന ആവശ്യങ്ങൾക്കുവേണ്ടി എടുത്ത വായ്പയിന്മേലുള്ള വായ്പ കുടിശ്ശികയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി കൊണ്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021-22 ബജറ്റിൽ പ്രഖ്യാപിച്ചിരുന്നോ; വ്യക്തമാക്കാമോ; | (എ) | മത്സ്യഫെഡിൽ നിന്നും മത്സ്യബന്ധനാവശ്യങ്ങൾക്ക് വേണ്ടി എടുത്ത വായ്പയിന്മേലുള്ള വായ്പാ കുടിശ്ശികയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കിക്കൊണ്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021-22 ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. 24.03.2022 തീയതിയിലെ സ.ഉ (സാധാ) നം.167/2022/മഉവ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകി ആദ്യ നടപടിയായി മത്സ്യഫെഡിന്റെ കരുതൽ ധനത്തിൽ നിന്നും 5 കോടി രൂപ വിനിയോഗിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് സഹായം അനുവദിച്ചിട്ടുണ്ട്; എത്ര തുക ഇളവ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | മത്സ്യഫെഡ് വിതരണം ചെയ്തിട്ടുള്ളതും 31.03.2020-ൽ കാലാവധി കഴിഞ്ഞിട്ടുള്ളതുമായ വായ്പകളിൽ കുടിശ്ശിക നിലനിൽക്കുന്ന തുകയിൽ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ചുകൊണ്ട് വായ്പാ കണക്ക് തീർപ്പാക്കുന്നതിനായി 31.03.2024 വരെ മത്സ്യഫെഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 1060 ഗുണഭോക്താക്കളുടെ വായ്പ തീർപ്പാക്കിയതിലൂടെ പലിശ,പിഴപ്പലിശ ഇനത്തിൽ 4.506 കോടി രൂപ മത്സ്യഫെഡ് ഇളവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ